ഖുത്ബ
9.7.2004
ബൈത്തുൽ ഫുത്തൂഹ്
ലണ്ടൻ.

بسم الله الرحمن الرحيم

# പന്നിയിറച്ചി വിതരണവും വില്പനയും മുസ്‌ലീംകൾക്ക് നിഷിദ്ധമാണ്.

## കാനഡയിലെ അഹ്മദിയ്യ പീസ് വില്ലേജിൽ രണ്ടാഴ്ച

രണ്ടാഴ്ച മുമ്പേ ചെയ്ത ഒരു ഖുത്വ്ബയിൽ പന്നിയിറച്ചി ഉപയോഗിക്കുന്ന റെസ്റ്റോറന്റുകളിൽ തൊഴിൽ എടുക്കുന്നവരോട്, അത്തരം സ്ഥലങ്ങളിൽനിന്ന് ഭക്ഷിക്കുന്നത് സൂക്ഷിക്കണമെന്നും, ഈ തൊഴിൽ ഉപേക്ഷിച്ച് മറ്റു ജോലി അന്വേഷിക്കണമെന്നും ഞാൻ പറഞ്ഞിരുന്നു. എന്നാൽ ഇപ്പോൾ ഒരാൾ, താൻ ഒന്നോ ഒന്നിലധികമോ റസ്റ്റോറന്റ് നടത്തി വരികയാണെന്നും ആ സ്ഥലത്ത് ഭക്ഷണത്തോടൊപ്പം പന്നിയിറച്ചി കൊടുത്തിട്ടില്ലെങ്കിൽ കട മുന്നോട്ടു നടത്തിക്കൊണ്ടുപോകാനൊക്കുകയില്ലെന്നും വിവിധ രീതിയിൽ പന്നിക്കൊഴുപ്പോ ഇറച്ചിയോ കൈകാര്യം ചെയ്യേണ്ടിവരുമെന്നും, ഇങ്ങനെ കട നടത്തിയില്ലെങ്കിൽ ഒരുപാട് നഷ്ടമുണ്ടാകുമെന്നും അതുകൊണ്ട് മുമ്പേ നടത്തി വന്നതുപോലെ കട നടത്തിക്കൊണ്ട് പോകാൻ അനുവാദം തരണമെന്നും എനിക്കെഴുതിയിരിക്കുന്നു. അനുവാദം തരാൻ എനിക്ക് ഒരിക്കലും സാധ്യമല്ല. കച്ചവടം നടക്കുകയില്ല, തൊഴിൽ മുന്നോട്ടുകൊണ്ടുപോകാനൊക്കുകയില്ല എന്നതൊക്കെ അദ്ദേഹത്തിന്റെ തെറ്റുധാരണയാണ്. ഇനി കട നല്ലരീതിയിൽ നടക്കുന്നില്ലെങ്കിൽ, അതുപേക്ഷിച്ച് വേറെന്തെങ്കിലും തൊഴിലന്വേഷിക്കേണ്ടതാണ്. അല്ലാഹുവാണ് ആഹാരം തരുന്നത്. സദുദ്ദേശ്യത്തോടെ ഉപേക്ഷിക്കുകയാണെങ്കിൽ അതിനേക്കാൾ നല്ല തൊഴിൽ അവൻ നല്കുന്നതാണ്, മറ്റു ജോലി കിട്ടുന്നതുമാണ്. ഇതു സംബന്ധമായി ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വ്യക്തമായ നിർദ്ദേശം – എന്നല്ല അതിന് ഫത്വ എന്ന് പറയേണ്ടതാണ് – നിങ്ങളെ കേൾപ്പിക്കുകയാണ്. ഇതിനുശേഷം പിന്നെ ഒരു ഒഴികഴിവും ഉണ്ടാവുകയില്ല.

ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഒരു സദസ്സിൽ അമേരിക്കയിലെയും യൂറോപ്പിലെയും അത്ഭുതാവഹമായ കണ്ടുപിടുത്തങ്ങളെ സംബന്ധിച്ചുള്ള ചർച്ച നടക്കുകയായിരുന്നു. ഇതു രേഖപ്പെടുത്തിയ ആൾ എഴുതുന്നു. അതിൽ പാശ്ചാത്യരാഷ്ട്രങ്ങളിൽ നിന്ന് പായ്ക്ക് ചെയ്തു വരുന്ന പാൽ, കറികൾ തുടങ്ങിയവ വളരെ വിശിഷ്ടവും പരിശുദ്ധവുമാണെന്നും കരസ്പർശമേൽക്കാത്തതാണ് അതിന്റെ ഒരു ഗുണമെന്നും, പാലുപോലും കറക്കുന്നത് യന്ത്രമുപയോഗിച്ചാണെന്നുമുള്ള സംസാരമുണ്ടായി. ഇതു കേട്ടപ്പോൾ ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു: "മതത്തിന്റ പരിധികളോ ഹലാലോ ഹറാമോ ഗൗനിക്കാത്ത ഒരു ജനവിഭാഗമായിത്തീർന്നിരിക്കുകയാണ് ഇപ്പോൾ ക്രിസ്ത്യാനികൾ. പന്നിയിറച്ചി അധികമധികമായി അവരിൽ ഉപയോഗിക്കപ്പെടുന്നു. അറുക്കുന്ന മൃഗത്തിന്റെ മേൽ ഒരിക്കലും ദൈവനാമം ഉച്ചരിക്കുന്നില്ല. മൃഗത്തിന്റെ തല ഒരു വെട്ടിന് വേർപ്പെടുത്തുന്നുവെന്നാണ് കേൾക്കാൻ കഴിഞ്ഞത്. അതുകൊണ്ട്, അവരുടെ ഫാക്ടറിയിൽ നിർമ്മിക്കുന്ന ബിസ്ക്കറ്റുകളിലും പാലുകളിലും പന്നിക്കൊഴുപ്പും പന്നിപ്പാലും കലർന്നിട്ടുണ്ടോ എന്ന് സംശയമുണ്ടാകുന്നു. അതുകൊണ്ട് ബിലാത്തി (വിദേശ) ബിസ്ക്കറ്റുകൾ, ഇത്തരം പാലുകൾ, കറികൾ തുടങ്ങിയവ ഉപയോഗിക്കുന്നത് നമ്മുടെ ദൃഷ്ടിയിൽ തികച്ചും വിശ്വാസത്തിനെതിരും, നിയമവിരുദ്ധവുമാണ്."

ഇതു സംബന്ധമായി ഞാൻ പറയട്ടെ. ഇവിടെ ഓരോ വസ്തുവിന്റെ മേലും അതിലെ ചേരുവകൾ എഴുതിയിട്ടുണ്ടാകും. ചോക്ലേറ്റോ, ബിസ്ക്കറ്റോ വാങ്ങുന്ന സമയത്ത് ജനങ്ങൾ സൂക്ഷ്മത പാലിക്കാറില്ല. അല്ലെങ്കിൽ ജാം തുടങ്ങിയവ വാങ്ങുമ്പോൾ നോക്കി വാങ്ങാറില്ല. വാസ്തവത്തിൽ പന്നിക്കൊഴുപ്പ്, ചാരായം തുടങ്ങിയവ അടങ്ങിയിട്ടുണ്ടോ എന്ന് അതിൽ രേഖപ്പെടുത്തിയിട്ടുണ്ടാകും. അതുകൊണ്ട് വാങ്ങുമ്പോൾ വായിച്ചുനോക്കി വാങ്ങുക. കാരണം ചിലർ ചിലസാധനങ്ങൾ വാങ്ങിക്കൊണ്ട് വരാറുണ്ട്. ഞാൻ വളരെ സൂക്ഷ്മത പാലിക്കുന്നതുകൊണ്ട്, അതു വായിച്ചുനോക്കിയപ്പോൾ ചാരായം കലർന്നിട്ടുള്ളതായി കണ്ടു. ഇതുപോലെ ഓരോ അഹ്മദിയും സൂക്ഷ്മത പാലിക്കേണ്ടതാണ്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു: 'അതുകൊണ്ട് ബിലാത്തി ബിസ്ക്കറ്റുകൾ, ഇത്തരം പാലുല്പന്നങ്ങൾ, കറികൾ തുടങ്ങിയവ ഉപയോഗിക്കുന്നത് നമ്മുടെ ദൃഷ്ടിയിൽ തികച്ചും വിശ്വാസത്തിനെതിരും, നിയമവിരുദ്ധവുമാണ്. പന്നിവളർത്തുകയും പന്നിയിറച്ചി തിന്നുകയും ചെയ്യുന്ന വിദേശത്തുള്ള ഒരു ജനത നിർമ്മിച്ചയക്കുന്ന മറ്റു വസ്തുക്കളിലും ഇതിന്റെ ഒരു അംശവും ചേർന്നിട്ടില്ലെന്ന് നമുക്കെങ്ങനെ കരുതാൻ കഴിയും? നിവേദകൻ എഴുതുന്നു. ഇതു കേട്ടപ്പോൾ അറബ് സാഹിബ് എന്ന് പരക്കെ അറിയപ്പെടുന്ന വ്യാപാരിയായ അബൂസഈദ് സാഹിബ് റംഗൂണിലുണ്ടായ ഒരു സംഭവം കേൾപ്പിച്ചു. റംഗൂണിൽ ബിസ്ക്കറ്റും ബ്രഡും നിർമ്മിക്കുന്ന ഇംഗ്ലീഷുകാരുടെ ഒരു ഫാക്ടറി ഉണ്ടായിരുന്നു. അത് ഒരു മുസ്‌ലിം വ്യാപാരി ഏകദേശം ഒന്നര ലക്ഷത്തിനു വിലക്കുവാങ്ങി. കണക്കുകൾ പരിശോധിച്ചപ്പോൾ, പന്നിക്കൊഴുപ്പും ഈ ഫാക്ടറിയിൽ വാങ്ങിയിരുന്നുവെന്ന് മനസ്സിലായി. ബിസ്ക്കറ്റുകൾ തുടങ്ങിയവയിൽ അത് ചേർക്കാറുണ്ടായിരുന്നുവെന്ന് അവിടത്തെ തൊഴിലാളികൾ

പറഞ്ഞു; അതില്ലാതെ ഈ വസ്തുക്കൾക്ക് രുചിയുണ്ടാകുകയില്ല. യൂറോപ്പിലും ഈ വസ്തുക്കളിൽ പന്നിക്കൊഴുപ്പ് ചേർക്കാറുണ്ട്. ഈ സംഭവം കേട്ടതിൽ നിന്ന് ശ്രോതാക്കൾക്ക്, ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ചിന്ത എത്രമാത്രം സൂക്ഷ്മതയോടുകൂടിയതായിരുന്നുവെന്ന് മനസ്സിലാകുന്നതാണ്. എന്നാൽ, നമ്മളിൽ അധികമാളുകൾക്കും യാത്ര ചെയ്യേണ്ടി വന്നിട്ടുണ്ട്. ചില സഹോദരങ്ങൾ ആഫ്രിക്ക തുടങ്ങിയ വിദൂര സ്ഥലങ്ങളിൽ ഇപ്പോഴും ഉണ്ട്. അവർക്ക് ഇത്തരം പാലുല്പന്നങ്ങളും ബിസ്ക്കറ്റുകളും ആവശ്യമായി വരും. അതുകൊണ്ട് അവരെയും മുന്നിൽ കണ്ട് വീണ്ടും ഈ പ്രശ്നത്തെ സംബന്ധിച്ച് ചോദിച്ചു. (ഹസ്റത്ത് മസീഹ് മൗഊദ് (അ) വീണ്ടും ചോദിച്ചു.) ഹിന്ദുക്കളുടെ ഭക്ഷണത്തെ സംബന്ധിച്ചും പറഞ്ഞു: ഇക്കൂട്ടരും സാധനങ്ങൾ വൃത്തിയായിട്ട് സൂക്ഷിക്കാറില്ല. ഇവരുടെ പാത്രങ്ങൾ മിക്കപ്പോഴും നായ്ക്കൾ നക്കിത്തുടക്കും. ഇതുകേട്ടപ്പോൾ ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു: 'നമ്മുടെ പക്കൽ സംശയമൊന്നുമില്ലെങ്കിൽ ക്രിസ്ത്യാനികളുടെ ഭക്ഷണം നമുക്ക് അനുവദനീയമാണ്; വിശുദ്ധഖുർആനിന്റെ അടിസ്ഥാനത്തിൽ ഹറാമാകണമെങ്കിൽ അത് ആകണം. ഇല്ലെങ്കിൽ ഇതിന്റെ അർത്ഥം ചില ഭക്ഷണങ്ങൾ ഹറാമാണെന്ന് കരുതി വീട്ടിൽ തിന്നില്ല. എന്നാൽ, ക്രിസ്ത്യാനികളെ എന്തുപറയാനാണ്, ഒരു മുസൽമാനെ തന്നെ സംശയമുണ്ടെങ്കിൽ, അവന്റെ ഭക്ഷണവും കഴിക്കാൻ പാടില്ലാത്തതാണ്. ഉദാഹരണത്തിന്, മാനസിക രോഗിയായ ഒരു മുസ്ലീമാണ്. അവന് ഹലാൽ – ഹറാം എന്താണെന്നറിയില്ല. അത്തരം ഘട്ടത്തിൽ അവനുണ്ടാക്കുന്ന ഭക്ഷണത്തെ എങ്ങനെ വിശ്വസിക്കാനാണ്. അതുകൊണ്ട്, നാം ബിലാത്തി ബിസ്ക്കറ്റ് വീട്ടിൽ അനുവദിക്കുന്നില്ല. ഇന്ത്യയിലുണ്ടാക്കുന്ന ബിസ്ക്കറ്റുകളാണ് വാങ്ങാറുള്ളത്.' ഇതാണ് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞത്.

'ഇന്ന കാര്യം ചെയ്തു കൊള്ളുക, ഒന്നും സംഭവിക്കാനില്ല, മതവുമായി ഇതിനൊരു ബന്ധവുമില്ല, നീ എന്തായാലും പന്നിയിറച്ചി തിന്നുന്നില്ലല്ലോ, ഇതൊരു തൊഴിലല്ലേ, അത്ര വലിയ കാര്യവുമല്ല, ഇഷ്ടപ്പെടുന്നവരെ മാത്രമല്ലേ നീ തീറ്റുന്നത്, അതുകൊണ്ട് ഇതൊരു കളവുമല്ല, വഞ്ചനയുമല്ല എന്നൊക്കെ പറഞ്ഞ് അലങ്കാരമാക്കിക്കാണിച്ച് ശയ്ത്വാൻ മനുഷ്യഹൃദയത്തിൽ ദുർബോധനം ഇട്ടുകൊടുക്കുന്നു. പിന്നീട് ഇതനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങുമ്പോൾ ഒരു തിന്മയിൽ നിന്ന് മറ്റൊരു തിന്മ ഉണ്ടായിക്കൊണ്ടിരിക്കുന്നു. പിന്നീട് അവൻ മെല്ലെ മെല്ലെ അതിൽ കുടുങ്ങിപ്പോകുന്നു. അതുതന്നെ ചെയ്യാനും തുടങ്ങുന്നു. നല്ലതും ചീത്തയും തമ്മിലുള്ള വ്യത്യാസവും അവശേഷിക്കുകയില്ല. എല്ലാം മറന്നിരിക്കും. അത്തരം അവസ്ഥയിൽ ആത്മീയമായ നിലയിലും മനുഷ്യൻ ബലഹീനനായിപ്പോകുന്നു. പിന്നീട്, എങ്ങനെയും സമ്പാദിക്കണം എന്നുള്ള ചിന്തമാത്രമായിരിക്കും. അനുവദനീയവും അല്ലാത്തതുമായതെല്ലാം മറന്നുപോകും.

സുറത്തുന്നാസിന്നെഴുതിയ വിശദീകരണത്തിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: 'വിശുദ്ധഖുർആൻ അവസാനമായി ചെയ്ത വസിയ്യത്ത് ശയ്ത്വാനിൽനിന്ന് രക്ഷപ്പെട്ടിരിക്കുകയെന്നതാണ്. നിങ്ങളുടെ രക്ഷിതാവിന്റെ അഭയകേന്ദ്രത്തിൽ വരികയും അല്ലാഹുവിനെക്കുറിച്ചുള്ള ജ്ഞാനത്തിലും സത്യങ്ങളിലും ദൃഢചിത്തരായിത്തീരുകയും ചെയ്താൽ ശയ്ത്വാന്റെ പിടിയിൽ നിന്ന് രക്ഷപ്പെടുന്നതാണ്.'

ഇതിനെക്കുറിച്ച് ശരിയായ നിലയിലും ആഴത്തിലും ചിന്തിക്കുന്നില്ലെങ്കിൽ ശയ്ത്വാൻ ദുർബോധനം ചെയ്യും. സംശയമുണ്ടാക്കും. 'നിന്നെ തടഞ്ഞത് ശരിയായില്ല, വാസ്തവത്തിൽ ഖുർആൻ അനുവദിച്ചിട്ടുള്ളതാണിത്. അമിതത്വം പ്രവർത്തിക്കരുതെന്നെ പറഞ്ഞിട്ടുള്ളൂ. നിർബന്ധിതാവസ്ഥയിൽ പന്നിയിറച്ചി തിന്നാമെന്നല്ലേ. അപ്പോൾ നിർബന്ധിതനായാൽ ഈ തൊഴിലുമെടുക്കാം. ഇവിടെ നിന്റെ ജോലിയുടെ പ്രശ്നമാണ് ' എന്നൊക്കെ പറഞ്ഞ് ശയ്ത്വാൻ ദുർബോധനം ചെയ്യാനിടയുണ്ട്. 'തൊഴിൽ പ്രശ്നമായതുകൊണ്ട്, നിർബന്ധിതനായതുകൊണ്ടല്ലേ നീ ഇത് ചെയ്യുന്നത്. സ്വയം തിന്നുന്നില്ലല്ലൊ. പാശ്ചാത്യ രാഷ്ട്രങ്ങളിൽ മറ്റുള്ളവരെക്കൊണ്ട് തീറ്റിക്കാൻ നിന്നെ നിയമം അനുവദിക്കുന്നുണ്ട്. അതുകൊണ്ട് ഈ തൊഴിൽ ചെയ്തു കൊള്ളുക' എന്ന് ശയ്ത്വാൻ പറയും. ഇതെല്ലാം ശയ്ത്വാന്റെ ദുർബോധനങ്ങളാണെന്ന കാര്യം ഓർമിക്കുക. ഒരു തിന്മയിൽ കുടുങ്ങിയാൽ, അടുത്തതിലും കുടുങ്ങും. അതുകൊണ്ട് ഈ തൊഴിലെടുക്കുന്നവർ അത് അവസാനിപ്പിക്കുന്നതാണ് ഉചിതം.

ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. നബി (സ) ഒരിക്കൽ അദ്ദേഹത്തോടു പറഞ്ഞു: 'അബൂഹുറയ്റ! തഖ്‌വ കൈക്കൊള്ളുകയും ദോഷങ്ങളിൽനിന്ന് അകന്നു നില്ക്കുകയും ചെയ്യുക; നീ ഏറ്റവും വലിയ ആരാധകനായിമാറും. ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ട് ജീവിക്കുക; നീ ഏറ്റവും വലിയ നന്ദിയുള്ളവരിൽ ഗണിക്കപ്പെടും. നിനക്കുവേണ്ടി നീ ഇഷ്ടപ്പെടുന്നത് മറ്റുള്ളവർക്കുവേണ്ടിയും ഇഷ്ടപ്പെടുക; നീ ശരിയായ സത്യവിശ്വാസിയായി മനസ്സിലാക്കപ്പെടും. നിന്റെ അയൽവാസിയോടു നല്ല നിലയിൽ പെരുമാറുക; നീ സത്യവാനായ മുസൽമാൻ എന്ന് പറയപ്പെടും. കുറച്ചു മാത്രം ചിരിക്കുക; കാരണം അട്ടഹാസം ഹൃദയത്തെ നിർജീവമാക്കിത്തീർക്കുന്നു.'

ഇവിടെ പറഞ്ഞത് ദോഷങ്ങളിൽനിന്ന് അകന്നു നില്ക്കാനും അല്ലാഹുവിനെ ഭയപ്പെടാനും അവനെ അനുസരിച്ചുകൊണ്ട് പ്രവർത്തിക്കാനും, ശയ്ത്വാന്റെ വലയിൽ കുടുങ്ങാതിരിക്കാനുമാണ്. ഉള്ളതിൽ തൃപ്തിപ്പെട്ട് ജീവിക്കുകയാണെങ്കിൽ അല്പം കൊണ്ട് തൃപ്തിപ്പെടാൻ കഴിയുന്നതാണ്. അല്ലാതെ കൂടുതൽ സമ്പാദിക്കാൻ വേണ്ടി നിയമവിരുദ്ധമായ പ്രവൃത്തികൾ ചെയ്യുക എന്നതല്ല. ശരീഅത്ത് അനുവദിക്കാത്ത കാര്യങ്ങൾ ചെയ്യാൻ തുടങ്ങാനും പാടില്ല. ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ട് ജീവിക്കുന്നതിലാണ് അല്ലാഹുവിനോടുള്ള നന്ദിയും നിലകൊള്ളുന്നത്. നന്ദിയുള്ളവരോട് അല്ലാഹുവിന്റെ വാഗ്ദാനവുമുണ്ട്; 'ശരിയായ നിലയിൽ നന്ദികാണിച്ചാൽ നിങ്ങൾക്കു ഞാൻ ഇനിയും കൂടുതൽ തരുന്നതാണ്.' ഈ വാഗ്ദാനമനുസരിച്ച് അല്ലാഹു പറയുന്നത് നിങ്ങളുടെ ധനത്തിലും സ്വത്തിലും മക്കളിലും ബർക്കത്തു തരുമെന്നാണ്. അതുകൊണ്ട് ഈ തൊഴിൽ ചെയ്തില്ലെങ്കിൽ പട്ടിണികിടന്നുമരിക്കുമെന്നുള്ള വിചാരമേ വേണ്ട. അല്ലാഹുവിനുവേണ്ടി ഏതെങ്കിലും വേലയെടുത്താൽ, അതിൽ നന്ദികാണിച്ചാൽ കൂടുതൽ കൂടുതൽ കിട്ടുന്നതാണ്. താനിഷ്ടപ്പെടുന്നത് മറ്റുള്ളവർക്കുവേണ്ടിയും ഇഷ്ടപ്പെടുന്നുവെന്നത് സത്യവിശ്വാസി

യുടെ അടയാളമാണ്. ഞങ്ങൾ പന്നിയിറച്ചി തിന്നുന്നവരല്ല. അതിൽ മനുഷ്യന്റെ സ്വഭാവത്തെ ബാധിക്കുന്ന ഇന്ന ഇന്ന കാര്യങ്ങളുണ്ടെന്ന് താങ്കൾ തന്നെ പറയുന്നു. എന്നാൽ, മറ്റു ള്ളവരെ തീറ്റിക്കാൻ താങ്കൾ തയ്യാറായി നില്ക്കുന്നു. ഇത് സത്യവിശ്വാസികൾക്ക് ചേർന്നതല്ല.

പിന്നീട് പറഞ്ഞത് അയൽവാസികളോട് നല്ലനിലയിൽ പെരുമാറുക എന്നതാണ്. അവസാനം പറഞ്ഞു, അല്ലാഹുവിനെ വിസ്മരിക്കും വിധമുള്ള കളികളിലും മറ്റും പങ്കെടുക്കാതിരിക്കുക. ഹൃദയം നിർജീവമായി പ്പോകും. ഹൃദയം നിർജീവമാകുമ്പോൾ മനുഷ്യൻ അല്ലാഹുവിൽനിന്ന് അകന്നുപോകുന്നു. ശയ്ത്വാനോടടുത്തുചേരുന്നു. പിന്നീട്, ഞാൻ പറഞ്ഞതുപോലെ നന്മയും തിന്മയും തമ്മിലുള്ള വ്യത്യാസമുണ്ടാകുകയില്ല. അങ്ങനെ പൂർണ്ണമായും മനുഷ്യൻ ശയ്ത്വാന്റെ കൈയിൽ അകപ്പെടുന്നു.

ഹസ്റത്ത് നുഅ്മാൻ ബിൻ ബശീർ (റ) നിവേദനം ചെയ്യുന്നു. നബി (സ) ഇങ്ങനെ പറയുന്നതായി കേട്ടു. '(മത ദൃഷ്ട്യാ) അനുവദനീയമായ കാര്യങ്ങൾ വ്യക്തമാണ്. നിഷിദ്ധ മായ കാര്യങ്ങളും സ്പഷ്ടമാണ്. അവ രണ്ടിന്റെയും മദ്ധ്യേ സാദൃ ശ്യമുള്ള ചില കാര്യങ്ങളുണ്ട്. മനുഷ്യരിൽ മിക്ക ആളുകൾക്കും അതേതാണെന്ന് തിരിച്ചറിയാനുള്ള കഴിവില്ല. അതുകൊണ്ട് അത്തരം സാദൃശ്യങ്ങളെ സൂക്ഷിച്ചു ജീവിക്കുന്നവനാരോ അവനു തന്റെ അഭിമാനത്തെയും മതത്തെയും സംരക്ഷി ക്കാൻ കഴിഞ്ഞു. മറിച്ച് സാദൃശ്യങ്ങളിൽ വല്ലവനും അകപ്പെട്ടു പോയെങ്കിലോ? അവന്റെ നില സുരക്ഷിതമായ മേച്ചിൽ സ്ഥല ത്തിന്റെ പരിസരത്ത് കാലികളെ മേയ്ക്കുന്നവനെപ്പോലെയാ ണ്. അവന്നതിൽ വീണു പോകാനിടയുണ്ട്. അറിയുക, എല്ലാ രാജാക്കന്മാർക്കും ഓരോ സുരക്ഷിത സങ്കേതങ്ങളുണ്ട്. ഇവ യിൽ അല്ലാഹുവിന്റെ സുരക്ഷിത സ്ഥലം അവൻ നിഷിദ്ധമാ ക്കിയ കാര്യങ്ങളാണ്. നിങ്ങളോർക്കണം, മനുഷ്യ ശരീരത്തിലൊരു മാംസപിണ്ഡമുണ്ട്. അതു നല്ലതാണെങ്കിൽ ശരീരം മുഴുവനും നന്നായി. മറിച്ച് അത് ദുഷിച്ചതാണെ ങ്കിലോ? ശരീരം മുഴുവനും ദുഷിക്കുകയും ചെയ്തു. ഓർക്കുക അതത്രെ ഹൃദയം.'

അല്ലാഹു ഹറാമാക്കിയതിൽ നിന്ന് അകന്നിരിക്കുക. എന്നാൽ അല്ലാഹുവിന്റെ സാമിപ്യം പ്രാപിക്കുന്നവനും അവന്റെ അനുഗ്രഹങ്ങൾ സ്വരുക്കൂട്ടുന്നവരുമായി ത്തീരു ന്നതാണ്. അതുകൊണ്ട് അത്തരം സന്ദർഭങ്ങളിൽ സ്വന്തം മനസ്സിനോട് ഫത്‌വ ചോദിക്കുക. കാരണം അല്പമെങ്കിലും ഈമാൻ ഹൃദയത്തിലുണ്ടെങ്കിൽ, എന്തെങ്കിലും തെറ്റായ പ്രവൃത്തി ചെയ്യുമ്പോൾ ഒരു അസ്വസ്ഥത അവൻ അനുഭവിക്കും. ഏതെങ്കിലും തെറ്റായ പ്രവൃത്തി ചെയ്യാൻ പോകുമ്പോൾ പലചോദ്യങ്ങളും മുമ്പിൽ വരും. തിന്മയാണെങ്കിൽ തീർച്ചയായും നിങ്ങളതുചെയ്യുകയില്ല. എന്നാൽ, ശയ്ത്വാൻ വിജയിച്ചാൽ പിന്നെ ഞാൻ പറഞ്ഞതു പോലെ നന്മയും തിന്മയും തമ്മിലുള്ള വത്യാസമൊന്നുമു ണ്ടാവുകയില്ല. നിങ്ങളതു ചെയ്തുകൊണ്ടേപോകും.

ഹസ്റത്ത് വാബിസത്തിബ്നു മഅ്ബദ് (റ) നിവേദനം ചെയ്യുന്നു. ഞാനൊരിക്കൽ റസൂൽ (സ) യുടെ അടുത്ത് ചെന്നപ്പോൾ എന്നോട് ചോദിച്ചു: 'നന്മയെ സംബന്ധിച്ച് ചോദിച്ചുപഠിക്കാനാണോ നീ ഇപ്പോഴിവിടെ വന്നത്? 'അതെ' എന്ന് ഞാൻ പ്രത്യുത്തരം നൽകിയപ്പോൾ അവിടന്ന് എന്നോടാജ്ഞാപിച്ചു: എന്നാൽ നിന്റെ ഹൃദയ ത്തോട് നീ വിധി തേടികൊള്ളുക. ഹൃദയത്തിൽ ശാന്തിയും സമാധാനവും ലഭിക്കുന്നതേതോ അതാണ് യഥാർത്ഥത്തിൽ നന്മ. മറിച്ച് ഹൃദയത്തിൽ സംശയവും പരിഭ്രാന്തിയും ഉളവാക്കുന്ന തേതോ അതാണ് സത്യത്തിൽ പാപം; ജനങ്ങളൊക്കെ അത് അനുവദനീയമാണെന്ന് നിനക്ക് വിധി നൽകുന്നുവെങ്കിലും!

ഞാൻ പറ ഞ്ഞതുപ്രകാരം ഈ ഹദീസിൽ രേഖപ്പെ ട്ടിരിക്കുന്നതുപോലെ നിങ്ങളുടെ ഹൃദയത്തോട് വിധി തേടേണ്ടതാണ്. ഒരു പാട് പ്രശ്നങ്ങളും തിന്മകളും ഉണ്ട്. മനുഷ്യൻ തന്റെ ആത്മാവിനോട് ചോദിച്ച് നിഷ്പക്ഷമായി സ്വയം വിധിപറഞ്ഞാൽ ഒരുപാട് തിന്മകളിൽ നിന്ന് രക്ഷപ്പെടാൻകഴിയുന്നതാണ്; മറ്റാരോടും വിധിതേടേണ്ട ആവശ്യം വരികയില്ല.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി (സ) പറഞ്ഞു: 'സൽസ്വഭാവത്തിന്റെ പേരാണ് നന്മ. നിന്റെ ഹൃദയത്തിൽ ഹലാലോ ഹറാമോ എന്ന് സംശയമുള വാക്കുകയും അത് ജനങ്ങളറിയുന്നത് നിനക്കിഷ്ടമില്ലാ തിരിക്കുകയും ചെയ്യുന്നതെന്തോ അതാണ് പാപം.'

ഈ ഹദീസിലും ആത്മപരിശോധന നടത്താനാണ് പറഞ്ഞിട്ടുള്ളത്. നിങ്ങളുടെ ഹൃദയത്തോട് ചോദിക്കുക. ഒരുപാട് കാര്യങ്ങൾ പെട്ടെന്ന് മുമ്പിൽവരും. ജനങ്ങളറി ഞ്ഞാൽ അവരെന്തുപറയും എന്നചിന്തയാൽതന്നെ ഒരുപാട് പാപങ്ങളിൽ നിന്നുരക്ഷപ്പെടുന്നു; എനിക്കും കുടുംബ ത്തിനും, തറവാടിനും ദുഷ്പേരുണ്ടാകും. നിന്റെ ഹൃദയ ത്തിൽ നന്മയുണ്ടെങ്കിൽ നിന്റെ ഹൃദയത്തിൽ നിന്നുലഭിക്കു ന്നതിനേക്കാൾ നല്ല വിധി മറ്റെവിടെനിന്നും കിട്ടുകയില്ല. അറിവില്ലയെങ്കിൽ അതിനെക്കുറിച്ച് ചോദിച്ച് മനസ്സിലാക്കു കയും ചെയ്യാം. നല്ലതും ചീത്തയും തമ്മിലുള്ള വത്യാസം മനസ്സിലാക്കാനും അതുപകരിക്കുന്നതാണ്. അറിവുള്ള വരോട് പോയിചോദിക്കേണ്ടതാണ്.

ഹസ്റത്ത് സൽമാനുൽ ഫാരിസി (റ) നിവേദനം ചെയ്യുന്നു. നബി (സ) യോട് നെയ്യ്, പനീർ, (ഉറച്ചപാലിന്റെ വെള്ളം ഊറ്റിയിട്ട് ബാക്കിയുള്ള ക ട്ടയെയാണ് പനീർ എന്നുപറയുന്നത്.) കാ ട്ടുകഴുത എന്നിവയെക്കുറിച്ച് ചോദിച്ചു. അവിടന്ന് പറഞ്ഞു: 'ഹലാൽ എന്നുപയുന്നത് അല്ലാഹു അവന്റെ ഗ്രന്ഥത്തിൽ ഹലാൽ എന്നുപറയുന്നതി നെയാണ്. ഹറാം എന്നു പറയുന്നത് അല്ലാഹു അവന്റെ ഗ്രന്ഥത്തിൽ ഹറാം എന്നുപറഞ്ഞതിനെയാണ്. ഏതൊന്നിനെ ക്കുറിച്ച് അല്ലാഹു ഒന്നും പറ ഞ്ഞിട്ടില്ലയോ, അത് അല്ലാഹു മാപ്പാക്കിയിട്ടുള്ള വസ്തുക്കളാണ്.'

ഇവിടെ വ്യക്തമായും കാര്യം പറഞ്ഞിരിക്കുന്നു. എന്നാൽ ഏതോന്നിനെക്കുറിച്ച് ഒന്നും പറഞ്ഞിട്ടില്ലയോ അവിടെയും മനുഷ്യന്റെ തഖ്‌വയുടെ നിലയനുസരിച്ചുള്ള പെരുമാറ്റമുണ്ടാകുമ്പോൾ, സത്യവിശ്വാസിയുടെ ശ്രദ്ധ പോകുന്നത് സംശയത്തിന്നിടയില്ലാത്ത വ്യക്തമായ ഹലാൽ ഉപയോഗിക്കുന്നതിലേക്കാ യിരിക്കും സംശയമുണ്ടെങ്കിൽ അതിൽ നിന്നു രക്ഷപ്പെടാൻ എപ്പോഴും സത്യവിശ്വാസി ശ്രമിക്കുന്നു. അതുകൊണ്ട് തഖ്‌വയുടെ ഉന്നതനില കരസ്ഥ മാക്കേണ്ടതായ അഹ്മദികൾ, നേരായ മാർഗ്ഗം തന്നെ

സ്വീകരിക്കേണ്ടതാണ്.

ഹസ്റത്ത് ഹസ്സൻ ബിൻ അലി (റ) നിവേദനം ചെയ്യുന്നു. 'അനുവദനീയമാണോ എന്ന് സംശയമുള്ളത് കൈവെടിഞ്ഞ് ഉറപ്പുള്ളതുമാത്രം നീ സ്വീകരിക്കുക എന്ന് നബി (സ) നിന്ന് ഞാൻ ഹൃദിസ്ഥമാക്കിയിട്ടുണ്ട്. നിശ്ചയമായും സത്യം മനഃസമാധാനത്തെയും നുണ പരിഭ്രമത്തെയും ഉളവാക്കുന്നു.'

സംശയമുള്ളവ കൈവെടിയുകയാണ് ഉത്തമമെന്ന് ഈ നിവേദനത്തിലും പറഞ്ഞിരിക്കുന്നു. യഥാർത്ഥമായ സന്തോഷം നിങ്ങളാഗ്രഹിക്കു ന്നെങ്കിൽ, അല്ലാഹുവിന്റെ തൃപ്തിയനുസരിച്ച് ഓരോ കർമ്മവും ചെയ്യാൻ ശ്രമിക്കുക. ഇതുമുഖേന മറ്റുപല ദുഃഖങ്ങളിൽ നിന്നും രോഗങ്ങളിൽ നിന്നും നിങ്ങൾക്കുമോചനം കിട്ടുന്നതാണ്.

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) പറയുന്നു: 'ദുർബോധനങ്ങൾ ഉണ്ടാകേണ്ടതു നിർബന്ധമാണ്. മനുഷ്യൻ അതിന്റെ ഉപദ്രവങ്ങളിൽ നിന്നു രക്ഷപ്പെട്ടു കൊണ്ടിരിക്കുവോളം, അതായത് ഹൃദയത്തിൽ അതിന് ഇടം നൽകാത്തിടത്തോളം അതൊരു പ്രശ്നമാകില്ല. ഒരിക്കൽ ഒരാൾ ഹസ്റത്ത് മസീഹ് മൗഊദ് (അ) നോട് ചോദിച്ചു: എന്റെ മനസ്സിൽ ഒരുപാട് ദുർ വിചാരങ്ങളുണ്ടാകുന്നു. അതുകാരണത്താൽ ഞാൻ പാപിയാണോ? പറഞ്ഞു: ദുർവിചാരങ്ങളുണ്ടാകുന്നതും അതു കഴിഞ്ഞുപോകുന്നതും താങ്കളെ പാപിയാക്കില്ല. ഇതു ശയ്ത്വാന്റെ ഒരു ദുർബോധനമാണ്; ചിലമനുഷ്യർ ശയ്ത്വാനെ പോലെയാകുന്നതുപോലെ അവർ ജന ഹൃദയങ്ങളിൽ തെറ്റായ വിചാരങ്ങൾ ഉണ്ടാക്കുവാൻ ശ്രമിക്കുന്നു. അവരുടെ വാക്കുകൾ കേൾക്കുന്നതു കൊണ്ടോ, അതുനിഷേധിക്കുന്നതു കൊണ്ടോ ആരും പാപിയാകുകയില്ല.അവർ പറയുന്നതുവിശ്വസിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവനാണ് പാപി.

മനുഷ്യ ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടി വരുന്ന ഇത്തരം ഒരുപാട് കാര്യങ്ങളുണ്ട്. ശയ്ത്വാൻ എപ്പോഴും ഹൃദയത്തിൽ ദുർബോധനം ചെയ്തുകൊണ്ടിരിക്കുന്നു. ചെറിയ ചെറിയ കാര്യങ്ങൾക്കുപുറമേ മതപരമായ കാര്യങ്ങളും ആരംഭിക്കുന്നു. പിന്നെ മറ്റുകാര്യങ്ങളിലേക്ക് കടക്കുന്നു. ശയ്ത്വാന്റെ ഇത്തരം കാര്യങ്ങൾ അംഗീകരിച്ചാൽ പാപിയായിത്തീർന്നു. ശയ്ത്വാനുമായി മനുഷ്യൻ പോരാടിക്കൊണ്ടിരുന്നാൽ അവൻ പറയുന്നത് അംഗീകരിക്കില്ലെന്ന നിയ്യത്തുണ്ടെങ്കിൽ, ചീത്തവിചാരം ഉണ്ടായാൽ തന്നെ അല്ലാഹു അത് മാപ്പാക്കുന്നതാണ്. എന്നാൽ, ഞാൻ പറഞ്ഞതു പോലെ അത് ചെയ്യാൻ തുടങ്ങിയാൽ– ഈ ഹദീസിൽ പറഞ്ഞതുപോലെ അല്ലാഹുവിന് ഒരു സങ്കേതമുണ്ട്, അതിൽ പോകുന്നത് നിരോധിച്ചിരിക്കുകയാണ്– അവിടെ ചുവടുവെച്ചാൽ നഷ്ടം സഹിക്കേണ്ടതായി വരും. പിന്നെ അല്ലാഹുവിന്റെ ഇഷ്ടമാണ്; അവന് എങ്ങനെയും പെരുമാറാം.

ഈ മാനുഷികമായ ദുർബോധനങ്ങളിൽ നിന്നും ശയ്ത്വാന്റെ ആക്രമണങ്ങളിൽനിന്നും രക്ഷപ്പെടുന്നതിനു വേണ്ടി നബി (സ) തിരുമേനി ഇങ്ങനെയും ഉപദേശിക്കുകയുണ്ടായി.

ഹസ്റത്ത് അബ്ദുല്ലാഹ് (റ) നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു: 'വിശുദ്ധഖുർആനിലെ അവസാനത്തെ മൂന്ന് അദ്ധ്യായങ്ങൾ ഉറങ്ങാൻ കിടക്കുമ്പോൾ ഓതുക. അഭയം തേടാൻ ഇതുപോലെ മറ്റൊന്നും തന്നെയില്ല. സൂറാ ഇഖ്ലാസ്, സൂറാഫലഖ്, സൂറത്തുന്നാസ്.'

ദജ്ജാലിന്റെ പടയോട്ടമാണ് ഇന്ന് നടക്കുന്നത്. അത്തരം സമൂഹത്തിൽ എല്ലാം കൂടിക്കുഴഞ്ഞ് കിടക്കുകയാണ്. അതുകൊണ്ട് എല്ലാ അഹ്മദികളും ഈ സൂറത്തുകൾ ഓതികൊണ്ട് ഉറങ്ങേണ്ടതാണ്. ശയ്ത്വാന്റെ ആക്രമണവും പലരീതിയിലായിക്കഴി ഞ്ഞിട്ടുണ്ട് ഇതിന്റെ അടിസ്ഥാനത്തിൽ എങ്ങനെയൊക്കെരക്ഷപ്പെടാമോ അങ്ങനെ രക്ഷപ്പെടേണ്ടതാണ്.

ഹസ്റത്ത് ആയിശ (റ) പറയുന്നു. 'നബി (സ) യ്ക്ക് സുഖമില്ലാതായാൽ അവസാനത്തെ രണ്ടുസൂറത്തുകൾ ഓതി കൈകളിലൂതി ശരീരത്തിൽ തടവുമായിരുന്നു. അവസാനത്തെ രോഗം കഠിനമായപ്പോൾ ഞാൻ ഈ സൂറത്തുകൾ ഓതി കൈകളിലൂതി അവിടത്തെശരീരത്തിൽ തടവികൊടുത്തിരുന്നു.'

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ഇതു സംബന്ധമായി പറയുന്നു. സൂറാശരീഫായുടെ അവതരണ പശ്ചാത്തലത്തെക്കുറിച്ച് ഹദീസ് ശരീഫിൽ വന്നിരിക്കുന്നു. നബി (സ) പറഞ്ഞിരുന്നു. ഇന്നേദിവസം രാത്രി എന്നിൽ ഒരിക്കലും കണ്ടിട്ടില്ലാത്ത സൂറത്തുകൾ–സൂറാ നാസിനെക്കുറിച്ച്–ഇറങ്ങുകയുണ്ടായി അത് മുഅവ്വദത്തയ്നാണ്. അബൂസഈദ് ഖുദ്രീ (റ) പറയുന്നു. അല്ലാഹുവിന്റെ റസൂൽ (സ) ജിന്നിന്റെയും ഇൻസിന്റെയും ദുർനോട്ടത്തിൽ നിന്നും അഭയം തേടാറുണ്ടായിരുന്നു. എന്നാൽ മുഅവ്വദത്തയ്ൻ ഇറങ്ങിയതിനുശേഷം ഇക്കാര്യത്തെ സംബന്ധിച്ച് മറ്റുള്ള പ്രാർത്ഥനകൾ ഉപേക്ഷിച്ചു. എപ്പോഴും ഈ വാക്കുകളിൽ ദുആചെയ്തുപോന്നു.

ഹസ്റത്ത് ആയിശ (റ) യുടെ നിവേദനവും ഇതു സംബന്ധമായി വന്നിട്ടുണ്ട്. നബി (സ) ഈ സൂറത്തുകൾ ഓതി ശരീരത്തിൽ ഊതാറുണ്ടായിരുന്നു. അല്ലാഹു നമ്മളെയെല്ലാവരേയും അവനിലേക്ക് എത്തിക്കുന്ന വഴിയിലൂടെ നടത്തുമാറാകട്ടെ. എല്ലാ സംശയങ്ങൾക്കും സന്ദേഹങ്ങൾക്കും അതീതമായി കൊണ്ട്, അവന്റെ കല്പനകളനുസരിച്ചു പ്രവർത്തിക്കുന്നവരായി നാം തീരുമാറാകട്ടെ. ശയ്ത്വാന്റെ എല്ലാദുർബോധനങ്ങളേയും തടയുന്നവരും ഹൃദയത്തിൽ നിന്ന് പുറത്തുകളയുന്നവരുമാക്കിതീർക്കുമാറാകട്ടെ. അല്ലാഹുവിന്റെ അനുഗ്രഹമില്ലാതെ ഈ അവസ്ഥലഭിക്കുകയില്ലെന്ന കാര്യം ഓർക്കുക. അതുകൊണ്ട് എപ്പോഴും അവന്റെ അനുഗ്രഹം തേടികൊണ്ടിരിക്കേണ്ടതാണ്. അവന്റെ മുമ്പിൽ പ്രണാമം ചെയ്യേണ്ടതാണ്. ശയ്ത്വാന്റെ ആക്രമണങ്ങളിൽ നിന്നും അവന്റെ അഭയത്തിൽ വരാൻ ശ്രമിക്കേണ്ടതാണ്. ദാസൻ ഒരു ചുവടുവെച്ചാൽ രണ്ടുചുവടു വെക്കുമെന്നും നടന്നുവന്നാൽ ഓടിവരുമെന്നും അല്ലാഹു പറഞ്ഞിട്ടുള്ളതുപോലെ. അല്ലാഹു ആരിലേക്കാണോ ഓടിവരുന്നത് അവരിൽ ഉൾപ്പെടാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. അല്ലാഹുവിൽ നിന്ന് അകന്ന് ശയ്ത്വാനിലേക്ക് പോകുന്നവഴിയിലൂടെ പോകാതിരിക്കുമാറാകട്ടെ.

ഇനി ഞാൻ കാനഡപര്യടനത്തെക്കുറിച്ച് ഹ്രസ്വമായി

പറയാനാഗ്രഹിക്കുകയാണ്. വിവിധസ്ഥലങ്ങളിൽ നിന്ന് കാനഡയിലെ വിജയകരമായ പര്യടനത്തെക്കുറിച്ചുള്ള കത്തുകൾ വന്നുകൊണ്ടിരിക്കുന്നു. അല്ലാഹുവിനു നന്ദി. അവന്റെ ഔദാര്യമാണ് ഈ പര്യടനവേളയിൽ തന്റെ സഹായത്തിന്റെ കാഴ്ച്ചകൾ അധികമായി കാണിച്ചുതന്നത്. അല്ലാഹുവിന്റെ അനുഗ്രഹം അവൻ കാണിക്കുന്നതിന് വിവിധ രീതികളുണ്ട്. മനുഷ്യന്റെ ചിന്തക്കതീതമായി അവൻ നല്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ കാനഡയിലേയും അമേരിക്കയിലേയും ജമാഅത്തുകളുടെ ആത്മാർത്ഥതയും കൂറും കണ്ട്, അല്ലാഹുവിനോടുള്ള സ്തുതിയാൽ ഹൃദയം നിറഞ്ഞ് കവിഞ്ഞു. ടൊറന്റോയിൽ രണ്ടുസ്ഥലത്ത് കൂടുതൽ അഹ്മദികൾ താമസിക്കുന്നുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒന്നിച്ചുള്ള സ്ഥലമാണ്. അവിടെയെല്ലാം അഹ്മദികളാണ്. അതിന്റെ നല്ലസ്വാധീനം അവിടത്തെ തദ്ദേശവാസികളിലുമുണ്ട്. ഓഫീസർമാരിലും മേയർമാരിലും. ജനങ്ങൾ അവരെ പ്രകീർത്തിക്കുന്നു. ബയ്ത്തുസ്സലാം പള്ളി നിൽക്കുന്നസ്ഥലത്തിന്റെ പേര് പീസ് വില്ലേജ് എന്നാണ്. ഇവിടെ ഏകദേശം 300 അഹ്മദി വീടുകളുണ്ട്. മാശാ അല്ലാഹ്! വലിയ ആത്മാർത്ഥതയുള്ളവരാണ്. സാധാരണ ദിവസങ്ങളിലും അവിടെ പള്ളിയിൽ ഒരുപാടാളുകൾ അഞ്ചുനേരവും നമസ്ക്കാരത്തി നായി വരുന്നുണ്ടെന്ന് അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞു. ഇതു സന്തോഷകരമായ കാര്യമാണ്. അല്ലാഹു അവരുടെ വിശ്വാസത്തിലും ആത്മാർത്ഥതയിലും വർധനവ് നൽകുമാറാകട്ടെ. സ്വന്തം നഗരത്തിൽ ചെന്നതുപോലുള്ള ഒരു പ്രതീതിയാണ് അവിടെ ചെന്നപ്പോഴുണ്ടായത്. അവിടെ മുഴുവനും അഹ്മദികളാണ് വസിക്കുന്നത്. ഒരു ചെറിയ റബ്‌വയാണെന്ന് തോന്നി. വലിയ പ്രവേശനറോഡിന് കൗൺസിൽ നൽകിയിട്ടുള്ളപേര് അഹ്മദിയ്യാ വെന്യൂ എന്നാണ്. ഉള്ളിൽ നിരവധി റോഡുകൾ ഉണ്ട്. അത് ഖലീഫമാരുടെ പേരിലാണ് നൂർ സ്ട്രീറ്റ്, ബശീർ സ്ട്രീറ്റ്, താഹിർ സ്ട്രീറ്റ്, നാസിർ സ്ട്രീറ്റ് എന്നിങ്ങനെ. ഹസ്റത്ത് സഫറുല്ലാഖാൻ സാഹിബ്, ഡോക്ടർ അബ്ദുസ്സലാം സാഹിബ് എന്നിവരുടെ പേരിലും സ്ട്രീറ്റുണ്ട്. മാശാഅല്ലാഹ്. അത്ഭുതകരമായ ഒരു അഹ്മദി അന്തരീക്ഷമാണ് മൊഹല്ല മുഴുവനുമുള്ളത്. രണ്ടാഴ്ച്ച തുടർച്ചയായി രാവിലെ മുതൽ വൈകുന്നേരംവരെ ആനന്ദബഹളമായിരുന്നു. ജൽസ കാരണത്താൽ നല്ല അലങ്കാരമായിരുന്നു. വീടുകളിൽ ബൾബുകൾ അലങ്കരിച്ചു തെളിച്ചിരുന്നു. ജമാഅത്തിന് ഇവിടെ വിശാലമായ സ്ഥലമുണ്ട്. പള്ളിയോട് ചേർന്ന് അമ്പത് ഏക്കറോളം സ്ഥലമുണ്ട്. ഭാവിയിൽ ഇവിടെ ജമാഅത്തിന്റെ കെട്ടിടങ്ങളും കുറച്ചു ഹാളുകളും ലങ്കർഖാന തുടങ്ങിയവയും നിർമ്മിക്കുന്നതാണ് ഇൻശാഅല്ലാഹ്! വലിയ പദ്ധതിയാണുള്ളത്. അല്ലാഹു അത് പൂർത്തിയാക്കുവാൻ തൗഫീഖ് നല്കുമാറാകട്ടെ. എന്തായാലും ഇത്രയും ദിവസം അത്ഭുതാന്തരീക്ഷമായിരുന്നു. ആളുകൾ വീട്ടിൽ പോകാറില്ലായിരുന്നുഎന്ന് തോന്നിപ്പോയി. കാരണം, എപ്പോൾ ഞാൻ പുറത്തേക്കിറങ്ങിയാലും വൃദ്ധരും, സ്ത്രീകളും, കു ട്ടികളും, പുരുഷന്മാരും റോഡിൽ നിൽക്കുന്നുണ്ടാകും.

നല്ലതായി തോന്നിയ മറ്റൊരുകാര്യവുമുണ്ട്. ഇത്രയേറെ തിരക്കുകളുണ്ടായിരുന്നിട്ടും അതിഥികൾ വൻതോതിൽ വീടുകളിലെത്തിയപ്പോൾ ചിലവീട്ടുകാർ ഒരു മുറിയിൽമാത്രം ഒതുങ്ങികൊണ്ട് ബാക്കി മുറികളെല്ലാം അതിഥികൾക്കായി വിട്ടുകൊടുത്തു. ഇങ്ങനെയൊക്കെയായിട്ടും വഴിയിലും വീട്ടുമുറ്റങ്ങളിലും, കണ്ട വൃത്തി എടുത്ത്പറയത്തക്കതായിരുന്നു. ആ സ്ഥലങ്ങൾ സ്ഥിരമായി സംരക്ഷിച്ചു നിറുത്തുന്നതാണെന്ന് മനസ്സിലാക്കാൻ പ്രയാസമുണ്ടായില്ല. കാരണം പൂച്ചെടികൾ കൊണ്ട് നല്ലവണ്ണം അലങ്കരിച്ചിരുന്നു. പുല്ലുകൾ നല്ലവണ്ണം മുറിച്ചുനിറുത്തിയിരുന്നു. മുഴുവൻ വീടുകളുടേയും അവസ്ഥ ഇതുതന്നെയായിരുന്നു. ഇവിടത്തുകാരായ അഹ്മദികളോട് മുമ്പേതന്നെ വൃത്തിയെ സംബന്ധിച്ച് ഞാൻ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്; നിങ്ങളുടെ വീടിന്റെ മുറ്റം പൂച്ചെടികളും മറ്റും വെച്ച് പിടിപ്പിച്ച് അലങ്കരിക്കേണ്ടതാണ്. അത് നല്ലവണ്ണം സംരക്ഷിക്കേണ്ടതുമാണ്.

അഹ്മദികൾ കൂട്ടത്തോടെ താമസിക്കുന്ന മറ്റൊരു സ്ഥലമുണ്ട്. വലിയ മൾട്ടിസ്റ്റോർ ബിൽഡിങ്ങ് അവിടെയുണ്ട്. അഹ്മദിയ്യാ ബോർഡ് ഓഫ് പീസ്. ഇതും 15,16 നിലകളുള്ള കെട്ടിടമാണ്. ഇവിടെയും ജമാഅത്തിന്റെ വലിയ അംഗസംഖ്യയാണുള്ളത്. മാശാഅല്ലാഹ്! കെട്ടിടത്തിന്റെ താഴത്തെ നിലയിൽ നമസ്ക്കാരത്തിനായി ഒരു ഹാളും നിർമ്മിച്ചിട്ടുണ്ട്. അഞ്ചുനേരവും ഇവിടെ നമസ്ക്കാരം നടന്നുവരുന്നു. ഏകദേശം രണ്ടുമണിക്കൂർ ഞാൻ ഈ കെ ട്ടിടത്തിലുണ്ടായിരുന്നു. ഇത്രയും സമയം പെൺകുട്ടികൾ കെട്ടിടത്തിനു വെളിയിൽ നിന്ന് പദ്യങ്ങളും മറ്റും ആലപിച്ചുകൊണ്ടിരുന്നു. അവരുടെ ആത്മാർത്ഥതയുടെ ഉദാഹരണമാണിത്. വെളിയിൽ വന്നുനോക്കിയപ്പോൾ അവരുടെ മുഖത്ത് ഒരുക്ഷീണവും കണ്ടില്ല. ഈ പ്രത്യേകതയും ഇന്ന് അഹ്ദികൾക്കുമാത്രമാണ് ലഭിച്ചിട്ടുള്ളത്. അവിടെ ഇതു കൂടാതെയും ചെറിയ ചെറിയ കസബകളും നഗരങ്ങളുമുണ്ട് – മിൽട്ടൻ, മിർസാഗ, തുടങ്ങിയവ. ഈസ്റ്റ് ടൊറന്റോയിലും അഹ്ദികളും പള്ളിയുമുണ്ട്. അതും കാണുന്നതിനുവേണ്ടി പോയിരുന്നു. ഒരുപാടാളുകൾ ആത്മാർത്ഥതയോടെ അവിടെയും സമ്മേളിച്ചിരുന്നു. സെന്റർ കാത്റിൻ എന്ന ഒരു സ്ഥലമുണ്ട്. നയാഗ്രാഫോളിനടുത്താണിത്. ഈ പേര് ശരിയാണോ എന്നറിയില്ല. എന്റെ ഓർമ്മയാണിത്. ഇവിടെ ഒന്നേമുക്കാൽ ഏക്കർ പ്ലോട്ട് ജമാഅത്ത് വാങ്ങിയിട്ടുണ്ട്. അതിനോടു ചേർന്നുതന്നെ പുതുതായി ഹൈവേ വന്നിട്ടുണ്ട്. വളരെ നല്ല ലൊക്കേഷനാണിത്. നല്ല സ്ഥലമാണ്. നമ്മുടെ സ്ഥലം സാധാരണനിരപ്പിൽ നിന്നുകുറച്ച് ഉയരത്തിലുമാണുള്ളത്. ഇവടെ ഇപ്പോൾ ഒരു ചെറിയവീടാണുള്ളത്. എന്നാൽ ഇവിടെ പള്ളി പണിതുകഴിഞ്ഞാൽ ആ മനോഹരമായ പള്ളി ഹൈവേയിൽ നിന്നുകാണാൻകഴിയും. സമാധാനം കാംക്ഷിക്കുന്ന മതമാണ് ഇസ്‌ലാം എന്നതിന് കർമ്മപരമായ ഒരു ചിത്രം ആ സ്ഥലത്ത് കാണാൻ കഴിയും. ഇൻശാ അല്ലാഹ്!

ജൽസ നിങ്ങളെല്ലാവരും കേട്ടതാണ്. അസാധാരണമായ ഹാജർ നിലയാണുണ്ടായത്, ഇരുപത്തിയൊന്നായിരത്തിലേറെ. അവിടെ സാധാരണ പങ്കെടുക്കുന്നവരേക്കാൾ എട്ടായിരം ഒമ്പതിനായിരം ആളുകൾ ഇത്തവണ അധികമുണ്ടായിരുന്നു. എല്ലാ സംവിധാനങ്ങളും ഉയർന്ന നിലയിൽ ചെയ്തിട്ടുണ്ടായിരുന്നു. അതുകൊണ്ട് ഒരുതരത്തിലുള്ള

പ്രശ്നങ്ങളും ഉണ്ടായില്ല. സാധാരണ ഭക്ഷണ വിതരണ സ്ഥലത്ത് സംവിധാന പിഴവുകൾ ഉണ്ടാകാറുണ്ട്. എന്നാൽ അവിടെ എല്ലാവരും ഒരു ബുദ്ധിമുട്ടുമില്ലാതെ ഭക്ഷണം വാങ്ങിക്കൊണ്ടുപോയി. അതിനുകാരണം ഇതായിരുന്നു, എനിക്കും അത് വളരെ നല്ലതായിതോന്നി. പതിനെട്ടായിരം ഇരുപതിനായിരം ആളുകൾ ഏകദേശം ഇരുപത് ഇരുപത്തഞ്ച് മിനിറ്റുകൊണ്ട് ഭക്ഷണം വാങ്ങിപോയി ക്കഴിഞ്ഞിരുന്നു. അവർ ആദ്യമേതന്നെ ചെറിയ പാക്കറ്റിൽ ഭക്ഷണം പാക്ക് ചെയ്തുവെച്ചിരുന്നു. സാധാരണ അളവിൽ ഒരോരുത്തരുടേയും അളവനുസരിച്ച് – ഒരു സാധാരണ മനുഷ്യന് എത്ര തിന്നാൻ കഴിയുമോ അത്രയും പാക്ക് ചെയ്ത് വെച്ചിരുന്നു. ഓരോരുത്തരും വന്ന് അതെടുത്തുകൊ ണ്ടുപോയി അവർക്കു സൗകര്യമുള്ളസ്ഥലത്തിരുന്നുകഴിച്ചു. കൂടുതൽ വിശപ്പുള്ളവർ കൂടുതലെടുത്തു. വളരെ ചുരുങ്ങിയ സമയംകൊണ്ട് സുഖകരമായ നിലയിൽ ഭക്ഷണം കഴിക്കാൻ കഴിഞ്ഞുവെന്നതാണ് നേട്ടം.

ഇപ്രാവശ്യം ഏകദേശം മുപ്പത്തിയൊന്ന് രാഷ്ട്രങ്ങളിൽ നിന്ന് പ്രതിനിധികളെത്തിയിരുന്നു. അമേരിക്കയിൽ നിന്നും പുരുഷന്മാരും സ്ത്രീകളും കുട്ടികളും ഉൾപ്പെടെ ഏകദേശം നാലായിരത്തോളം അഹ്മദികൾ എത്തിയിരുന്നു. അവരുടെ ജൽസയിലെ സാധാരണ ഹാജർ നിലയെക്കാൾ നൂറ് ഇരു ന്നൂറ് അധികമാണെന്നാണ് അമേരിക്കക്കാർ പറയുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവരിൽ നിന്നും നല്ല ഹാജർ നിലയുണ്ടായി. വലിയ ആത്മാർത്ഥതയും കൂറും അവർ കാണിച്ചു. അവിടെ വന്നു. പങ്കെടുത്തു. എന്തായാലും, എല്ലാ സംവിധാനങ്ങളും വളരെ നല്ലതായിരുന്നു. അല്ലാഹു തആല എല്ലാ പ്രവർത്തകർക്കും, സംഘാടകർക്കും പ്രതിഫലം നല്കുമാറാകട്ടെ. അവർ ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അതിഥികളെ സേവിച്ചു.

ജൽസാഗാഹിലും സകല ഏർപ്പാടുകളും അച്ചടക്കവും വളരെ നല്ലതായിരുന്നു. അവിടെ ഇരുന്ന് എല്ലാവരും ജൽസ കേട്ടു. വളരെ മാന്യതയോടു കൂടി എല്ലാവരും ജൽസ കേട്ടു. മാശാഅല്ലാഹ്. ഈ ജൽസയിൽ വരുന്നതിന്റെ ഉദ്ദേശ്യവും ഇതു തന്നെയാണ്. അല്ലാഹു തആല അവർക്കെല്ലാവർക്കും പ്രതിഫലം നല്കുമാറാകട്ടെ. അവർക്കും, ദുൻയാവിലുള്ള എല്ലാ അഹ്മദികൾക്കും അഹ്മദിയ്യത്തിന്റെ പതാക എപ്പോഴും ഉയർത്തിപ്പിടിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

വിവിധ മതങ്ങളുമായി ബന്ധം വയ്ക്കുന്ന ആയി രത്തിയഞ്ഞൂറോളം സുഹൃത്തുക്കളും ഈ ജൽസയിൽ പങ്കെടുത്തിരുന്നു. ഉയർന്ന സർക്കാർ ഉദ്യോഗസ്ഥന്മാരും പാർലമെന്റംഗങ്ങളും ചില മന്ത്രിമാരും പങ്കെടുത്തിരുന്നു. ജൽസയ്ക്കുശേഷം ഞാനുമായി അവർ കൂടിക്കാഴ്ച നടത്തു കയും ചെയ്തിരുന്നു. ഇത്ര വലിയ ജനക്കൂട്ടത്തെ ഇത്ര അച്ച ടക്കത്തോടെ ഒരിക്കലും കണ്ടിട്ടില്ലെന്ന് അവർ പരസ്യമായി പറ ഞ്ഞു. ആദ്യമായി നമ്മുടെ ജൽസയിൽ പങ്കെടുത്തവർ ആവർത്തിച്ചാവർത്തിച്ച് ഇതു പറഞ്ഞുകൊണ്ടിരുന്നു. രണ്ടു കാര്യങ്ങൾ തന്നെ അത്ഭുതപ്പെടുത്തിയെന്ന് ഒരു മന്ത്രി എന്നോടു പറഞ്ഞു. ഇത്ര വലിയ ജനക്കൂട്ടം, ഇത്ര വലിയ അച്ച ടക്കം ജീവിതത്തിൽ ഇതിനുമുമ്പൊരിക്കലും കണ്ടിട്ടില്ല. രണ്ടാ മത്തേത്, ഇത്ര വലിയ ജനവിഭാഗം. എല്ലാവർക്കും താങ്കളോടു ഒരേരീതിയിലുള്ള ബന്ധം – അതവരുടെ മുഖത്ത് പ്രകടമായി രുന്നു. ഇതും ഇതിനുമുമ്പൊരിക്കലും കണ്ടിട്ടില്ല.

ഇതുപോലുള്ള മറ്റു നിരവധി അഭിപ്രായങ്ങളും ഉണ്ടാ യിരുന്നു. എന്തായാലും, ഇതൊക്കെയായിരുന്നു അല്ലാഹു വിന്റെ അനുഗ്രഹങ്ങളുടെ കാഴ്ചകൾ. അത് മറ്റുള്ളവർക്കും കാണാൻ കഴിഞ്ഞു; പ്രത്യേകിച്ച് മതത്തോടു താൽപര്യമില്ലാത്ത വർക്ക്. കാണാൻ കഴിയാതെ പോയ ആരെങ്കിലും ഉണ്ടെങ്കിൽ അത് നമ്മുടെ പാക്കിസ്ഥാനിലെ ഉലമായാണ്. അവർക്ക് മറ്റൊന്നും പറയാനില്ല. ഓരോ രണ്ടാമത്തേയോ നാലാമ ത്തേയോ ദിവസം, ജമാഅത്ത് അഹ്മദിയ്യ അവസാനിച്ചു അവ സാനിച്ചുവെന്ന് പത്രത്തിൽ പ്രസിദ്ധീകരിക്കുന്നു. അഹ്മദി യ്യത്തിൽ അഭിപ്രായ ഭിന്നതയുണ്ടായി, ഛിന്നഭിന്നമാകാൻ പോകുകയാണ് എന്നു തുടങ്ങി പലതും പത്രത്തിൽ എഴുതു ന്നു. യഥാർത്ഥത്തിൽ ഇവരുടെമേൽ ശയ്ത്വാന്റെ ആധിപത്യ മായിക്കഴിഞ്ഞിരിക്കുന്നു. ഇവരുടെ ദീനിന്റെ കണ്ണ് ഇവർക്കു നഷ്ടപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഇതല്ലാതെ മറ്റൊന്നും അവർക്ക് പറയാനില്ല.

ഇവർ ആഗ്രഹിക്കുന്നിടത്തോളം കിംവദന്തികൾ ഇവർ പരത്തിക്കോട്ടെ. ഈ ജമാഅത്ത് ഇൻശാഅല്ലാഹ്! മുന്നോട്ടുപോകും, പുഷ്പിക്കും വളരും. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളർന്നുകൊണ്ടിരിക്കുകയാണ്. നബി (സ) തിരുമേനിയുടെ സത്യവാനായ സ്നേഹിതന്റെ ഈ ജമാഅ ത്തിന്റെ വളർച്ചയെ തടയാൻ ദുൻയാവിലെ ഒരു ശക്തിക്കും കഴിയുകയില്ല. ഛിന്നഭിന്നമാകാൻ വിധിക്കപ്പെട്ടിട്ടുള്ളത് മുസ്ലിം ഉമ്മത്തിനെ തെറ്റായ പാതയിലൂടെ നയിക്കുന്ന ഈ മതപണ്ഡിതന്മാരാണ്. അതുകൊണ്ട്, അഹ്മദികളായ നാം സാധാരണ മുസ്ലിംകളുടെ ഹിദായത്തിനു വേണ്ടി ദുആ ചെയ്യേണ്ടതാണ്. നാമധാരികളായ ഉലമാക്കളുടെ പിടി യിൽനിന്ന് രക്ഷിക്കാനും ദുആ ചെയ്യേണ്ടതാണ്. അല്ലാഹു നമുക്കതിനു തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

---

വിവർത്തനം : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ

JUMUA KHUTHBA
HADHRAT MIRZA MASROOR AHMAD
KHALIFATHUL MASIH - V
on 09 - 07 - 2004 at
Baithul Futhuh, London.

Page Layout & Type Set : Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**